




എൻഡോസൾഫാൻ ഒരു ജനതയെ മുഴുവൻ തീരാദുരിതത്തിലേക്ക് വലിച്ചിഴച്ചപ്പോൾ അതിന് നേരിയ സമാശ്വാസം കണ്ടെത്താൻ സംഘടനകളും സർക്കാരും ശ്രമം നടത്തുമ്പോൾ, അതേ ജില്ലയിൽ കൂടുതൽ പാരിസ്ഥിതിക സാമൂഹ്യപ്രത്യാഘാതങ്ങൾ സൃഷ്ടിക്കാനിടയുള്ള കൽക്കരി താപനിലയം പണിയാനുള്ള തയ്യാറെടുപ്പിലാണ് അധികൃതർ. ലോകത്തുതന്നെ ഏറ്റവും കുടുതൽ മാലിന്യങ്ങൾ പുറത്തേക്ക് തള്ളുന്നതാണ് കൽക്കരി നിലയങ്ങൾ എന്നിരിക്കെ ഇത്തരമൊരു പദ്ധതി ഇവിടെ വേണ്ടതില്ലെന്നാണ് ചീമേനിക്കാർ പറയുന്നത്.

## ചീമേനി

# കൽക്കരി നിലയത്തിനെതിരെ ശബ്ദിക്കുന്നു

ചീമേനിയിൽ സൂപ്പർ കൽക്കരി നിലയം സ്ഥാപിച്ചാൽ കടുത്ത പരിസ്ഥിതിസാമൂഹിക പ്രത്യാഘാതങ്ങൾ സൃഷ്ടിക്കുമെന്നും തീരുമാനത്തിൽ നിന്ന് സർക്കാർ പിൻവാങ്ങണമെന്നും ആവശ്യപ്പെട്ട് പ്രദേശത്ത് സമരം രൂപംകൊണ്ടുകഴിഞ്ഞു. ജൈവസമ്പന്നതകൊണ്ടും ഭൂമിശാസ്ത്രപരമായ പ്രത്യേകതകൾ കൊണ്ടും ഏറെ പ്രാധാന്യമുള്ള ജില്ലയാണ് കാസർഗോഡ്. ജില്ലയിലെ എട്ടോളം പുഴകളും അതിലേറെ വരുന്ന ചാലുകളും തോടുകളും തുരംഗങ്ങളും ഈ പ്രത്യേകതയ്ക്കും ജലസമ്പന്നതയ്ക്കും തെളിവുകളാണ്. ജില്ലയിലെ കയ്യൂർ–ചീമേനി പഞ്ചായത്തിൽ സ്ഥാപിക്കാനുദ്ദേശിക്കുന്ന നിർദ്ദിഷ്ട സൂപ്പർ കൽക്കരി താപനിലയം ഈ പ്രദേശത്തിന്റെ സ്ഥൂല - സൂക്ഷ്മ കാലാവസ്ഥയെ തകിടം മറിക്കുന്നതും ഒട്ടേറെ പാരിസ്ഥിതിക ദുരന്തങ്ങൾക്ക് കാരണമാകുന്നതുമാണ്. 24 വർഷക്കാലം എൻഡോസൾഫാൻ എന്ന മാരകകീടനാശിനി ഉപയോഗിച്ച് രാസദുരന്തത്തിന് വിധേയരായി ദുരിതമനുഭവിക്കുന്ന ഒരു സമൂഹത്തിന് മേലുള്ള മറ്റൊരു ഇടിത്തീയായിരിക്കും നിർദ്ദിഷ്ട കൽക്കരി താപനിലയം.

2400 MW സ്ഥാപിത ശേഷിയുള്ള കൽക്കരി താപനിലയമാണ് ചീമേനിയിൽ സ്ഥാപിക്കാനുദ്ദേശിക്കുന്നത്. ലോകം ഇന്ന് ഏറെ ചർച്ച ചെയ്യപ്പെട്ട് കൊണ്ടിരിക്കുന്നതും കൊടിയ ദുരിതങ്ങൾ അനുഭവിക്കുന്നതുമായ ആഗോളതാപനത്തിന് കാരണമാവുന്ന ഹരിത ഗൃഹവാതകങ്ങൾ ഏറ്റവും കൂടുതൽ പുറന്തള്ളുന്നത് സിമന്റ് ഫാക്ടറികൾ, പെട്രോകെമിക്കൽ വ്യവസായങ്ങൾ, കൽക്കരി താപനിലയങ്ങൾ എന്നിവയിൽ നിന്നുമാണെന്ന് ആധുനിക പഠനങ്ങൾ വ്യക്തമാക്കുന്നു. പാരിസ്ഥിതികമായി ഏറെ ദുർബലമായതുകൊണ്ടും ഭൂമിശാസ്ത്രപരമായ പ്രത്യേകതകൾ കൊണ്ടും ചീമേനി പോലുള്ള പ്രദേശത്ത് കൽക്കരിനിലയം ഉണ്ടാക്കുന്ന പ്രത്യാഘാതങ്ങൾ ഇന്ത്യയിലെ മറ്റ് താപനിലയങ്ങളിലേതിനെക്കാളും ഭീകരവും അപരിഹാര്യവുമായിരിക്കും.

സൂര്യനസ്തമിക്കാത്ത സാമ്രാജ്യത്തിനും ജൻമിത്വത്തിനുമെതിരെ ഇടതുപക്ഷ ഇതിഹാസം രചിച്ച ഒരു ഗ്രാമ്യതയ്ക്ക് മേലുള്ള അധിനിവേശവും കടന്നുകയറ്റവും കൂടിയാണ് നിർദ്ദിഷ്ട സ്വകാര്യ കൽക്കരി താപനിലയം. ഏറെ പ്രാധാന്യമുള്ള പൈതൃകമായി സംരക്ഷിക്കപ്പെടേണ്ട കയ്യൂരിന്റെയും ചീമേനിയുടെയും മണ്ണിൽ വരാൻ പോകുന്ന പദ്ധതിക്കെതിരെ ശക്തമായ പ്രതിഷേധം ഉയർന്നുകഴിഞ്ഞു.

### കൽക്കരി താപനിലങ്ങളുടെ പ്രത്യാഘാതങ്ങൾ

2400 MW സ്ഥാപിതശേഷിയുള്ള കൽക്കരി താപനിലയങ്ങളിൽ നിന്നും പുറന്തള്ളുന്ന മാലിന്യങ്ങൾ കാസർഗോഡ് - കണ്ണൂർ ജില്ലകളുടെ മിക്ക പ്രദേശങ്ങളിലെയും വായു, ജലം, മണ്ണ് എന്നിവ മലിനീകരിക്കുന്നതിന് കാരണമാവും. പദ്ധതി യാഥാർത്ഥ്യമായാൽ അടുത്ത 20 വർഷത്തിനിടയിൽ ഏറ്റവും കൂടുതൽ മലിനീകരിക്കുന്നത് ഈ പ്രദേശമായിരിക്കും.

കൽക്കരി താപനിലയങ്ങളിൽ നിന്നും പുറംതള്ളുന്ന മാലിന്യങ്ങളിൽ പ്രധാനപ്പെട്ടത് Fly ash, സ്ലറി, മലിനജലം, വിഷവാതകങ്ങൾ തുടങ്ങിയ

വയാണ്.

500 MW കൽക്കരി താപനിലയത്തിൽ നിന്നും പുറംതള്ളുന്ന മലിന്യങ്ങൾ അമേരിക്കയിലെ ശാസ്ത്രജ്ഞൻമാരുടെ കൂട്ടായ്മ (Union of concerned Scientist) കണക്കാക്കിയിട്ടുണ്ട്. ചീമേനിയിലെ നിർദ്ദിഷ്ട കൽക്കരി താപനിലയത്തിൽ നിന്നും ഉണ്ടാവുന്ന മാലിന്യങ്ങൾ :

MW കൽക്കരി താപനിലയത്തിൽ നിന്നും പുറം തളളുന്ന $CO_2$ ന്റെ അളവ് 8762 ടണ്ണാണ്. ഇതുപ്രകാരം 2400 MW നിലയത്തിൽ നിന്നും 2 കോടി 10 ലക്ഷം ടൺ $CO_2$ ഓരോ ദിവസവും പുറന്തള്ളും ഇത് 800 മില്ല്യൺ മരങ്ങൾ മുറിച്ചിടുമ്പോഴുണ്ടാകുന്ന മരുവൽക്കരണത്തിന് തുല്യമാണ്.

2400 MW നിലയത്തിൽ നിന്നും പുറത്ത് വിടുന്ന സൾഫർ ഡൈ ഓക്സൈഡിന്റെ അളവ് 50,000 ടണ്ണാണ്. വർഷ ത്തിൽ 3000 mm മുതൽ 4000 mm വരെ മഴ ലഭിക്കുന്ന കാസർഗോഡ് ജില്ലയുടെ മിക്കപ്രദേശങ്ങളിലും അമ്ല മഴ ഉണ്ടാകുന്നതിന് ഇത് കാരണമാവും.

51000 ടൺ നൈട്രജൻ ഡൈ ഓക്സൈഡാണ് നിലയത്തിൽ നിന്നും പുറത്ത് വിടുക. ഇത് അന്തരീക്ഷം മുഴുവൻ പുകപടലങ്ങൾ ഉണ്ടാവുന്നതിന് കാരണമാവുകയും മനുഷ്യരെയും മറ്റ് വന്യജീവികളെയും സാരമായി ബാധിക്കുകയും ചെയ്യും.

മറ്റ് രൂപത്തിലുള്ള വിഷപലരുകൾ 2500 ടണ്ണോളം വരും. ഇത് 50 km പരിധിയിൽ വ്യാപിക്കുകയും പല തരത്തിലുള്ള ശ്വാസ കോശ രോഗങ്ങൾ പിടിപെടുന്നതിന് കാരണമാകും.

ഹൈഡ്രോകാർബണുകളുടെ അളവ് 1100 ടണ്ണാണ്. ഇത് മഞ്ഞ് പാളികളിൽ പോലെ അന്തരീക്ഷത്തിൽ തങ്ങി നിൽക്കും.

3600 ടൺ കാർബൺ മോണോക്സൈഡ് 2400 MW നിലയത്തിൽ നിന്നും പുറത്ത് വിടും. ഇത് തൊണ്ടയിലെ കാൻസർ, ആമാശയ കാൻസർ എന്നിവയ്ക്ക് കാരണമാവും.

600 പൗണ്ട് മെർക്കുറിയും നിലയത്തിൽ നിന്നും പുറത്ത് വിടും. ഒരു ടീ സ്പൂണിന്റെ 70 ൽ ഒരംശം മതി. 25 ഏക്കർ വരുന്ന ജലാശയത്തിലെ മൽസ്യങ്ങൾ ചാകുന്നതിന് അതായത് മെർക്കുറി മാലിന്യം മാത്രം മതി ജില്ല മുഴുവൻ മറ്റൊരു മീനമാതാ ദുരന്തം ഉണ്ടാക്കുവാൻ

പുറത്ത് വിടുന്ന (Arsenic) ആർസനിക്കിന്റെ അളവ് 1125 പൗണ്ടാണ്. 50 parts/billion ആർസനിക് കലർന്ന ജലം കഴിച്ചാൽ 100 പേരിൽ ഒരാൾക്ക് കാൻസർ വരും.

970 പൗണ്ട് ലെഡ്, 20 പൗണ്ട് കാഡ്മിയം ഉൾപ്പടെ മറ്റ് ഒരുപാട് തരത്തിലുള്ള മാലിന്യങ്ങളും ഈ നിലയത്തിൽ നിന്ന് പുറം തള്ളപ്പെടും.

കൽക്കരി താപനിലയത്തിൽ നിന്നുമുള്ള മറ്റൊരു പ്രധാന മാലിന്യമാണ് സ്ലറി. 1 MW വൈദ്യുതി ഉൽപ്പാദിപ്പിക്കുമ്പോൾ ഉണ്ടാകുന്ന സ്ലറി നിക്ഷേപിക്കുന്നതിന് 1 ഏക്കർ സ്ഥലം വേണ്ടി വരും. 2400 MW വൈദ്യുതി നിലയത്തിന് 2400 ഏക്കർ സ്ലറി നിക്ഷേപത്തിന് മാത്രമായി വേണ്ടി വരും.

ഉയർന്നും താഴ്ന്നും കിടക്കുന്ന ഇടനാടൻ ചെങ്കൽ കുന്നായത് കൊണ്ടും ജലസംഭരണ ശേഷി ഉണ്ടായത് കൊണ്ടും മാലിന്യങ്ങൾ ഒലിച്ചിറങ്ങാനും അതു വഴി കവ്വായി കായലും സമീപ പഞ്ചായത്തുകളും ജില്ലയുടെ കടൽ തീരം മുഴുവനായും മലിനീകരിക്കുന്നതിനും കാരണമാവും. ഇത് തീരപരിസ്ഥിതിയെയും തീര സമുദ്ര ജല വൈവിധ്യത്തെയും ഇല്ലാതാക്കുന്നതിന് കാരണമാകും. തമിഴ്നാട്ടിലെ തൂത്തുകുടിയിൽ 500 MW കൽക്കരി താപനിലയത്തിലെ സ്ലറി മൂലം കിലോമീറ്ററുകളോളം കടൽ നികത്തി കഴിഞ്ഞു. ഇത് മൽസ്യത്തൊഴിലാളികളുടെ ഉപജീവനത്തെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്.

**ജലചൂഷണം**

ഒരു MW വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതിന് ഒരു ലക്ഷം ലിറ്റർ വെള്ളം വേണ്ടി വരും. 2400 MW വൈദ്യുതി ഉല്പാദിപ്പിക്കുന്നതിന് 2400 ലക്ഷം ലിറ്റർ വെള്ളം വേണ്ടി വരും. അതായത് ഒരു ദിവസത്തേക്ക് വേണ്ടി വരുന്ന ജലത്തിന്റെ അളവ് 57600 ലക്ഷം ലിറ്റർ വെള്ളമാണ്. ഇത്രയും ജലം ഖനനം ചെയ്തെടുത്താൽ 15 പഞ്ചായത്തുകളിലെ ഭൂരിഭാഗം പ്രദേശങ്ങളും കടുത്ത വരൾച്ചയ്ക്കും ഉപ്പ് വെള്ളം കയറുന്നതിനും ഇടവരും. കുടിവെള്ളം ഇല്ലാതായാൽ ഉണ്ടാവുന്ന ദുരിതം പ്ലാച്ചിമടയിലിതിനേക്കാളും ഭീകരമായിരിക്കും.

ജലം പ്ലാന്റ് പ്രവർത്തിപ്പിക്കുന്നതിനും കൂളിംഗ് വാട്ടറായും ഉപയോഗിക്കുന്നുണ്ട്. കൂളിംഗ് വാട്ടറായി ഉപയോഗിക്കുന്ന ജലം കടലിലേക്ക് ഒഴുക്കി വിടും. ഈ ജലത്തിന്റെ ഊഷ്മാവ് 4 മുതൽ 5 ഡിഗ്രി സെന്റിഗ്രേഡ് വരെ സാധാരണ ജലത്തേക്കാൾ കൂടുതലായിരിക്കും. ഇത് തീര സമുദ്രജലത്തിന്റെ ചൂട് കൂട്ടുന്നതിനും ജൈവവൈവിധ്യം തീരെ ഇല്ലാതായി സമുദ്ര ജല ജീവികളുടെ മരണ ദ്വീപായി മാറാനും ഇടവരും. ഇത് മൂലം പതിനായിരകണക്കിന് മൽസ്യത്തൊഴിലാളികളുടെ ഉപജീവനമാർഗ്ഗം ഇല്ലാതാകും.

താപനിലയത്തിൽ നിന്നുമുള്ള മാലിന്യങ്ങൾ കയ്യൂർ ചീമേനി ഉൾപ്പടെയുള്ള 15 ഓളം പഞ്ചായത്തുകളിൽ നേരിട്ട് ഗുരുതരമായ ആരോഗ്യ പാരിസ്ഥിതിക പ്രത്യാഘാതങ്ങൾ സൃഷ്ടിക്കും. ഇതിൽ 10 ഇടനാടൻ പഞ്ചായത്തുകളും 5 തീരദേശ പഞ്ചായത്തുകളും ഉൾപ്പെടും. കൂടാതെ കാഞ്ഞങ്ങാട് നഗരസഭ, അജാനൂർ പഞ്ചായത്ത് തുടങ്ങിയ പ്രദേശങ്ങളിലെ തീരദേശം മുഴുവനും ഒട്ടേറെ പാരിസ്ഥിതിക പ്രത്യാഘാതങ്ങൾക്ക് വിധേയമാവും.

14. സ്ലറിയും, മലിന ജലവും പുഴകളിലും കടലിലുമെത്തുമെന്നതിനാൽ ചിത്താരി മുതൽ ഏഴിമല വരെയുള്ള പതിനായിരത്തോളം മൽസ്യതൊഴിലാളികളുടെ ഉപജീവന മാർക്ഷം ഇല്ലാതാവും.

15. ജൈവവൈവിധ്യം കൊണ്ട് ഏറെ സമ്പന്നവും അതിലേറെ പ്രത്യേകതകളുള്ളതാണ് ചിത്താരി




മുതൽ ഏഴിമല വരെയുള്ള തീരദേശം. കേരളത്തിൽ ഒലിവ് റിഡ്‌ലി കടലാമകൾ ഏറ്റവും കൂടുതൽ മുട്ടയിടാനെത്തുന്ന അപൂർവ്വം തീരങ്ങളിലൊന്നാണിത്. തൈക്കടപ്പുറത്തെ നെയ്തൽ കടലാമ സംരംക്ഷണ കേന്ദ്രം കഴിഞ്ഞ 7 വർഷമായി വനം വകുപ്പിന്റെ സഹകരണത്തോടെ കടലാമ സംരംക്ഷണ പ്രവർത്തനങ്ങൾ നടത്തിവരുന്നുണ്ട്. സംസ്ഥാനത്ത് ഇത്തരത്തിൽ നെയ്തൽ ഉൾപ്പടെ രണ്ട് കടലാമ

സംരംക്ഷണ കേന്ദ്രങ്ങൾ മാത്രമാണുളളത്. നിർദ്ദിഷ്ട താപനിലയം ഇല്ലാതാക്കുന്നത് അത്യപൂർവ്വമായ കടലാമകളുടെ ഈ പ്രജനന തീരമാണ്.

7500 ഏക്കറോളം നെൽവയലുകൾ സ്ലറി ഒലിച്ചിറങ്ങി ഇല്ലാതാവും. ഇതുവഴി ആയിരകണക്കിന് കർഷകരുടെ ജീവിത സാഹചര്യങ്ങൾ ഇല്ലാതാവും.

മറ്റ് തരത്തിലുള്ള കൃഷിനാശം മൂലം പതിനായിരക്കണക്കിന് കർഷകരുടെ ജീവനോപാധികൾ ഇല്ലാതാവും.

കേരളത്തിലെ ഏറ്റവും വലിയ കാവുകൾ സ്ഥിതി ചെയ്യുന്നത് പദ്ധതി പ്രദേശത്തിന് 10 ചതുരശ്ര കിലോമീറ്ററിനകത്താണ്. കേരളത്തിലെ ഏറ്റവും വലിയ കാവായി കണക്കാക്കിയിരിക്കുന്ന 55 ഏക്കറോളം വരുന്ന കമ്മാടം കാവ്, മറ്റ് വലിയ കാവുകളായ അരവഞ്ചാൽ കാവ് (15 ഏക്കർ), തവിടിശ്ശേരി കാവ് (40 ഏക്കർ) തെയ്യോട്ട് കാവ്, എന്നിവയ്ക്ക് പുറമേ ചെറുതും വലുതുമായ 50 ഓളം കാവുകൾ പദ്ധതി പ്രദേശത്തും സമീപങ്ങ ളിലുമായിട്ടുണ്ട്. കൽക്കരി താപനിലയം മൂലം ഇവയൊക്കെ പൂർണമായും ഇല്ലാതാവും. കാവുകൾ അർദ്ധനിത്യഹരിത വനത്തിന്റെ ശേഷിപ്പുകളും ജനിതക കലവറകളുമാണ്.

1942- ൽ താഴക്കാട്ട് മന കൊടുകാപ്പള്ളിക്ക് കൈമാറുന്നതു വരെ ജനങ്ങൾ ഉപയോഗിച്ചിരുന്ന സ്വകാര്യ വനഭൂമിയാണ് താപനിലയം ഉദ്ദേശിക്കുന്ന ഭൂരിഭാഗം പ്രദേശങ്ങളും. പ്ലാന്റേഷൻ കോർപ്പറേഷന് കൈമാറിയത് മൂലം മാത്രമാണ് ഇതിന്റെ വന സ്വഭാവം നഷ്ടപ്പെട്ടത്. പ്രസിദ്ധമായ വിറകെടുപ്പ് സമരം ഈ വനഭൂമിയിലെ വിഭവങ്ങളുമായി ബന്ധപ്പെട്ടതാണ്.

Chambion and Sethന്റെ അഭിപ്രായ പ്രകാരം ഇടനാടൻ ചെങ്കൽ കുന്നുകളിലെ വന്യസസ്യവൈവിധ്യത്തെ Shrub Jungle വനത്തിന്റെ നിർവചനത്തിൽ പെടുന്നതാണ്.

ഇടനാടൻ കുന്നുകളിൽ വളരുന്ന പുൽമേടുകൾ – Grass land ecosystem ഒട്ടേറെ പ്രത്യേകതകൾ ഉള്ളതാണ്. പ്രത്യേകിച്ചും ഈ പുൽമേടുകൾ ഓരോ സീസണിലും മാറി മാറി വരുന്ന പ്രത്യേക ആവാസ വ്യവസ്ഥകളാണ്. ഇവ വന്യ ജീവി നിയമ പ്രകാരം ഷെഡ്യൂൾ 1 ൽ ഉൾപ്പെട്ടിട്ടുള്ള ഒട്ടേറെ ജീവജാലങ്ങളുടെ ആവാസങ്ങളാണ്.

എൻഡോസൾഫാൻ വിഷപ്രയോഗത്തിലൂടെ ഉണ്ടായ പാരിസ്ഥിതിക നാശത്തിൽ നിന്നും തിരിച്ച് ഒരു സ്വാഭാവിക വന്യ ആവാസ വ്യവസ്ഥയിലേക്ക് നീങ്ങി കൊണ്ടിരിക്കുന്ന പ്രദേശത്തിന് ഏൽക്കുന്ന ചെറിയ ആഘാതം പോലും ഗുരുതരമായ പ്രത്യാഘാതങ്ങളായിരിക്കും ഉണ്ടാക്കുക. ലോകത്തിലെ ഏറ്റവും കൊടിയ മലിനീകാരികളുടെ പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്നതാണ് കൽക്കരി താപനിലയം. ചീമേനിയിലെ നിർദ്ദിഷ്ട താപനിലയം ജില്ലയെ മുഴുവനും വലിയ പാരിസ്ഥിതിക ദുരന്തത്തിലായിരിക്കും എത്തിക്കുക.

ഭീമനടി, കോട്ടഞ്ചേരി റിസർവ്വ് വനങ്ങൾ ചീമേനിയിൽ നിന്നും വളരെ അടുത്താണ് സ്ഥിതി ചെയ്യുന്നത്. (Arial distance- 68 km) മാത്രവുമല്ല തലക്കാവേരി വൈൽഡ് ലൈഫ് സാങ്ങ്ച്ചുറിയിലെ വന്യ മൃഗങ്ങളുടെ സഞ്ചാര പാത കൂടിയാണിത്.പശ്ചിമഘട്ട വനമേഖലയിലെ വായുവും വെള്ളവും മണ്ണും മലിനമായാൽ ഇല്ലാതാവുന്നത് ജില്ലയുടെ അവസാന വനഭൂമി കൂടിയായിരിക്കും.

കാര്യങ്കോട് പുഴ, നീലേശ്വരം പുഴ, പെരുവാമ്പ തുടങ്ങിയ കവ്വായി കായലിന്റെ മിക്ക കൈവഴികളും ഒഴുകുന്നത് കയ്യൂർ - ചീമേനി കുന്നുകളിൽ നിന്നും സമീപ പ്രദേശത്തെ ഇടനാടൻ കുന്നുകളിൽ നിന്നുമാണ്. മാലിന്യങ്ങൾ ഈ പുഴകളിലെ മൽസ്യ സമ്പത്തിനെയും പരിസ്ഥിതിയെയും പ്രതികൂലമായി ബാധിക്കും.

കവ്വായി കായൽ കടലിൽ ചേരുന്ന തൈക്കടപ്പുറം അഴിമുഖവും കളനാട് പുഴ ചേരുന്ന ചിത്താരി അഴിമുഖവും ജൈവവൈവിധ്യം കൊണ്ട് ഏറെ പ്രാധാന്യമുള്ളതാണ്. മാലിന്യങ്ങൾ ഒഴുകിയെത്തുന്നതിലൂടെ ഇല്ലാതാവുന്നത് അതിലോലവും സമ്പന്നവുമായ ജൈവവ്യവസ്ഥയാണ്. കാട് മുതൽ കടൽ വരെ നീണ്ട് കിടക്കുന്ന ജില്ലയുടെ ഭൂഭാഗങ്ങൾ മിക്കതും മലിനീകരിക്കുന്നതും മൽസ്യത്തൊഴിലാളികളുടെയും കർഷക തൊഴിലാളികളുടെയും ജീവിതോപാധികൾ ഇല്ലാതാകുന്നതും ജൈവസമ്പത്തിനെ ഉൻമൂലനം ചെയ്യുന്നതുമായ ഈ പദ്ധതി ഉപേക്ഷിക്കണമെന്ന് ആവശ്യം ശക്തമാകുകയാണ്.

***ബന്ധങ്ങൾക്ക്: അമ്പലത്തറ കുഞ്ഞികൃഷ്ണൻ, ജനറൽ കൺവീനർ, കയ്യൂർ-ചീമേനി സംരക്ഷണ സമിതി,***
***ഫോൺ: 9946722979***
***ടി.പി. പത്മനാഭൻ: 04985208684***

## അടിയന്തരാവസ്ഥ തടവുകാരായ നക്സലൈറ്റുകളുടെ ഡയറക്ടറി

സ്വാതന്ത്ര്യാനന്തരം ഇന്ത്യയുടെ കറുത്ത അദ്ധ്യായമായ അടിയന്തരാവസ്ഥയിൽ ജയിലിൽ അടക്കപ്പെട്ട നക്സലൈറ്റ് തടവുകാരുടെ (മരിച്ചവരും ജീവിച്ചിരിക്കുന്നവരും) പൂർണ്ണ വിവരങ്ങൾ ഉൾപ്പെടുത്തി സമഗ്രമായ ഡയറക്ടറി തയ്യാറാക്കുന്നു. തൃശൂരിൽ നിന്നും പ്രസിദ്ധീകരിക്കാൻ പോകുന്ന ഈ ഡയറക്ടറിയിലേക്ക് ഈ വിഭാഗത്തിൽപ്പെടുന്നവരുക്കുറിച്ചുള്ള വിവരങ്ങളറിയിക്കുവാൻ താത്പര്യപ്പെടുന്നു.
ബന്ധപ്പെടുക: കെ.എ. മുഹമ്മദ്, ഫ്ളെയിം ബുക്സ്, ചിയ്യാരം തപാൽ, തൃശൂർ- 680 026.
ഫോൺ: 9447254630